# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

26.03.2013 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2132

## ഹ്രസ്വകാല കാർഷിക വായ്പകൾ പലിശരഹിതമാക്കാൻ നടപടി

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ. വർക്കല കഹാർ

ശ്രീ. സി.പി. മുഹമ്മദ്

ശ്രീ. സണ്ണി ജോസഫ്

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ പലിശരഹിതമാക്കാൻ തീരുമാനമെടുക്കുമോ; വിശദമാക്കുമോ; | (എ) യും (ബി) യും സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ പലിശരഹിത വായ്പയായി നൽകുന്ന പദ്ധതി അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി "ഉത്തേജന പലിശ ഇളവ് പദ്ധതി" പ്രകാരം സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പരമാവധി 3% പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ പരമാവധി 5% സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിനാണ് ടി പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ; | |
| (സി) | ഏതെല്ലാം തരത്തിലുള്ള വായ്പകളാണ് പലിശരഹിതമാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്ന വായ്പകളാണ് പലിശരഹിത വായ്പകളാകുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതികൾ വഴിയുള്ള ആനുകൂല്യങ്ങൾ ഏതെല്ലാം കർഷകർക്കാണ് ലഭിക്കുന്നത്; വിശദമാക്കുമോ? | (ഡി) | ഹ്രസ്വകാല കാർഷിക വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്ന 2 ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്ക് ടി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ